## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.564** **29.05.2019-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിലൂടെ നാളിതു വരെ എത്ര കോടി രൂപ യാണ് സമാഹരിക്കാൻ കഴി ഞ്ഞതെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.എഫ് .ഇ.യുടെ പ്രവാസി ചിട്ടിയിലൂടെ നാളിതുവരെ 28,96,60,898 രൂപ (25.05.2019 വരെ) സമാഹരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ പരസ്യത്തിനായി നാളിതുവരെ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബിയിൽ നിന്നും പ്രവാസി ചിട്ടിയുടെ പരസ്യ പ്രചാരണത്തിനായി (പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം വിവിധ രാജ്യങ്ങളിൽ നടത്തിയ ഓൺലൈൻ & ഫീൽഡ് മാർക്കറ്റിങ്, പ്രത്യേക പരിപാടികൾ, അച്ചടി മാധ്യമങ്ങൾ, അനുബന്ധ യാത്ര, താമസ ചെലവുകൾ എന്നിവ ഉൾപ്പെടെ) 25.05.2019 ലെ കണക്കനുസരിച്ച് ആകെ 8,64,94,621/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇയിൽ നിന്നും പരസ്യത്തിനായി നാളിതുവരെ 4,24,40,862/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ നടത്തിപ്പിന്റെ ഭാഗ മായ വിദേശയാത്ര, താമസം, ഡി.എ. എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ചെലവഴിച്ച തെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ നടത്തിപ്പിന്റെ ഭാഗമായി താമസം ഇനത്തിൽ 34,36,511 രൂപയും, യാത്ര, ടി.എ/ഡി.എ എന്നീ ഇനങ്ങളിൽ 8,40,750/- രൂപയും കിഫ്ബിയിൽ നിന്നും ചെലവായിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യിൽ നിന്നും ഡി.എ ഇനത്തിൽ ഇതുവരെ 2 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിദേശയാത്ര, താമസം എന്നീ ഇനങ്ങളിൽ കെ.എസ്.എഫ്.ഇ നേരിട്ട് ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ